പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1841      01.11.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യുടെ പുനസംഘടന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ പുനസംഘടിപ്പിക്കുന്നതിന വേണ്ടി നിയുക്തമായ സുശീൽ ഖന്ന സമിതിയുടെ നിർദ്ദേശപ്രകാരം കെ.എസ്.ആർ.ടി.സി.യെ മേഖലകളായി തിരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി) യും | ഉണ്ട്.<br>സ്വയം പര്യാപ്തവും മൽസര ബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതുമായ മൂന്ന് ലാഭ കേന്ദ്രങ്ങളാണ് മേഖലാവത്ക്കരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുജനങ്ങൾക്കും, യാത്രക്കാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകുവാൻ കഴിയും. അതിലൂടെ കൂടുതൽ വരുമാനം നേടാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിൻ പ്രകാരം കെ.എസ്.ആർ.ടി.സി.യെ ചുവടെ പറയുന്ന തരത്തിൽ മൂന്ന് മേഖലകളായി തിരിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം മേഖലകളായി തിരിച്ചത് മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ? | | |

| പേര് | റവന്യൂ ജില്ല | ആസ്ഥാനം |
|---|---|---|
| സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | തിരുവനന്തപുരം സെൻട്രൽ |
| സെൻട്രൽ സോൺ | ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ | എറണാകുളം ബോട്ട് ജെട്ടി |
| നോർത്ത് സോൺ | മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | കോഴിക്കോട് |

| | | | |
|---|---|---|---|
| | | | പ്രൊഫ.സുശീൽ ഖന്നയുടെ റിപ്പോർട്ടിൻ പ്രകാരം പ്രൊഫഷണൽ യോഗ്യതയുള്ള ജനറൽ മാനേജർമാരെ തെരഞ്ഞെടുത്ത് നിയോഗിക്കുന്നതുവരെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ (ഓപ്പറേഷൻ) ചുമതല വഹിച്ചിരുന്ന ചീഫ് ട്രാഫിക് മാനേജർ, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്), എന്നിവരെ പ്രസ്തുത മേഖലകളുടെ മേഖലാ അധികാരികളായി നിയമിക്കുകയും ചെയ്തു.<br>വരുമാന വർധനവ് വരുത്തുക എന്നതാണ് പ്രധാനമായും പ്രസ്തുത മേഖലകളുടെ രൂപീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. സ്വയം പര്യാപ്തവും മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നതുമായ മൂന്ന് മേഖലകൾ രൂപീകരിക്കുന്നത് മുഖേന പൊതുജനങ്ങൾക്കും യാത്രകാർക്കും കൂടുതൽ സേവനം സമയബന്ധിതമായി നൽകാൻ കഴിയും അതിലൂടെ കൂടുതൽ വരുമാനം നേടാനാകും എന്ന് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നു.<br>ജീവനക്കാരുടെ വിന്യാസം, ജീവനക്കാരുടെ അപേക്ഷകൾ, സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ബസ്സുകളുടെ വിന്യാസം, സാമ്പത്തിക ഇടപാടുകൾ മുതലായ തദ്ദേശീയമായി പരിഹരിക്കേണ്ടുന്നവ എക്സിക്യൂട്ടീവ് ഓഫീസർ റാങ്കിലുള്ള മേഖലാ അധികാരികളുടെ കീഴിൽ കൊണ്ടുവരുമ്പോൾ ചീഫ് ഓഫീസിൽ |

| | | | |
|---|---|---|---|
| | | | നിന്ന് ആവശ്യങ്ങൾ പരിഹരിച്ച് വരുന്നതിനേക്കാൾ വേഗത്തിൽ പൂർത്തീകരിക്കാനാകും. ആയത് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കും.<br>ഉയർന്ന റാങ്കിലുള്ള ഉദ്യോഗസ്ഥന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ മേൽ പരാമർശിച്ച തരത്തിൽ സർവ്വീസ് ഓപ്പറേഷനും കോർപ്പറേഷന്റെ പ്രവർത്തനവും സാമ്പത്തികവും മെച്ചപ്പെടുന്നത് മുഖേന ലാഭനഷ്ടമില്ലാത്ത സ്ഥാപനമാക്കി കെ.എസ്.ആർ.ടി.സി.യെ മാറ്റുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. വരുമാനം കുറവുള്ള സർവ്വീസുകൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിലേയ്ക്കായി യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ഷെഡ്യൂൾ പുനഃക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയ ഡ്യൂട്ടി പാറ്റേണും, ജീവനക്കാരുടെ പുനർ വിന്യാസവും നടപ്പിലാക്കിയത് വഴി മാനവവിഭവശേഷി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**